പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 186 | 26/09/2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## കൊരട്ടി ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകിയ വകയിൽ ലഭിയ്ക്കാനുള്ള 15 ലക്ഷത്തോളം വരുന്ന തുക പേഷ്യന്റ്സ് സർവ്വീസ് സൊസൈറ്റിക്ക് അടിയന്തരമായി അനുവദിക്കുന്നതിനും, അന്തേവാസികൾക്ക് റേഷൻ പഞ്ചസാര അനുവദിക്കുന്നതിനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകിയ വകയിൽ ആവശ്യപ്പെട്ട 12 ലക്ഷത്തോളം രൂപ ലഭ്യമാക്കിയിട്ടുണ്ട്.<br>അന്തേവാസികൾക്കുള്ള പഞ്ചസാരവിതരണം 2013 നവംബർ മാസം മുതൽ മുടങ്ങിയിരിക്കുകയാണ്. ഏകദേശം 180 അന്തേവാസികൾ ഉള്ള ഈ സ്ഥാപനത്തിൽ ഇവർക്ക് വ്യക്തിപരമായി റേഷൻകാർഡ് അനുവദിച്ചിട്ടില്ല. സ്ഥാപനത്തിനുമാത്രമായി നിലവിലുള്ളത് എ.പി.എൽ വിഭാഗം കാർഡാണ്. എ.പി.എൽ പെർമിറ്റുകാർക്ക് പഞ്ചസാര നിലവിൽ അനുവദിക്കുന്നില്ല. ടി പെർമിറ്റ് ബി.പി.എൽ ആക്കി മാറ്റണമെന്ന് കാണിച്ച് പേഷ്യന്റ്സ് സർവ്വീസ് സൊസൈറ്റി സമർപ്പിച്ച നിവേദനം ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ ഫയൽ നം. 864121/ഡി1/2016/ഭ.പൊ.വി.വ പ്രകാരം പരിശോധിച്ചുവരുന്നു. |
| ബി) | ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രി വക 110 ഏക്കറോളം സ്ഥലത്ത് ആശുപത്രിയ്ക്കാവശ്യമായ മുഴുവൻ | ബി) | ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രി വക 110 ഏക്കറോളം സ്ഥലം ആണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 1 ഏക്കർ സ്ഥലത്ത് ഹ്യൂമൻ റിസോഴ്സ് |

| | | | |
|---|---|---|---|
| | വിഭാഗങ്ങളും ഒരേ കെട്ടിട സമുച്ചയത്തിൻ കീഴിലാക്കുന്നതിനും, ബാക്കി സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട വികസന പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | | ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ബാക്കി ലഭ്യമായ സ്ഥലത്ത് ആശുപത്രിയ്ക്കാവശ്യമായ മുഴുവൻ വിഭാഗങ്ങളും ഒരു കെട്ടിട സമുച്ചയത്തിലാക്കുന്നതിന്പ്രൊപ്പോസൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ